LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ കാർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി

10 [432] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ കാർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ഏതെങ്കിലും വിദേശ കമ്പനിയുമായി ധാരണയിലെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത യൂണിറ്റ് എവിടെ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എപ്പോൾ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി ആന്റ് സി) വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല സംഘം ജർമ്മിനിയിലെ ബി.എം.ഡബ്ല്യു. എന്ന കാർ കമ്പനി സന്ദർശിക്കുകയും അവരുടെ ഇന്ത്യയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കാർ നിർമ്മാണ യൂണിറ്റ് കേരളത്തിൽ സ്ഥാപിക്കുവാൻ ആഹ്വാനം ചെയ്യുകയുമുണ്ടായി. കമ്പനിയുടെ ഉദ്യോഗസ്ഥർ കേരളത്തിലെത്തുകയും കളമശ്ശേരിയിലെ കിൻഫ്രയുടെ സ്ഥലം കമ്പനിയുടെ കാർ നിർമ്മാണ യൂണിറ്റിന് അനുയോജ്യമാണെന്ന് വിലയിരുത്തുകയും ചെയ്തു. കമ്പനിയുടെ അന്തിമ തീരുമാനം ഇനിയും അറിവായിട്ടില്ല.

ഉൽപ്പാദനം നിലച്ചുപോയതും പ്രവർത്തനരഹിതമായിട്ടുള്ളതുമായ വ്യവസായ യൂണിറ്റുകൾ

11 [436] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ കേന്ദ്രങ്ങളിൽ സ്ഥിരവും താൽക്കാലികവുമായി രജിസ്റ്റർ ചെയ്ത എത്ര വ്യവസായ യൂണിറ്റുകളാണ് ഉള്ളത്;

(ബി) മൊത്തം യൂണിറ്റുകളിൽ ഇപ്പോൾ ഉല്പാദനം നിലച്ചുപോയതും പ്രവർത്തനരഹിതമായിട്ടുള്ളവയും എത്ര;

(സി) ഇവയിൽ വനിതാ വ്യവസായ യൂണിറ്റുകൾ എത്ര;

(ഡി) പ്രവർത്തനം നിലച്ചുപോയതിനെ തുടർന്ന് എല്ലാ യൂണിറ്റുകളിൽനിന്നുമായി എത്ര പേർ തൊഴിൽരഹിതരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?